## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2682 — 21.06.2012-ൽ മറുപടി നൽകേണ്ടിയിരുന്നത്

### പട്ടയത്തിനു വേണ്ടി ലഭിച്ച അപേക്ഷകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി ജമീലാ പ്രകാശം | ശ്രീ അടൂർ പ്രകാശ്<br>ബഹു.റവന്യൂവും കയറും വകുപ്പുമന്ത്രി |
| (എ) കേരളത്തിൽ പട്ടയം ലഭിക്കുന്നതിനായി സമർപ്പിക്കപ്പെട്ട അപേക്ഷകളിൽ എത്ര അപേക്ഷകളിന്മേൽ ഇനിയും പട്ടയം നൽകുവാനുണ്ട്; | (എ) സംസ്ഥാനത്ത് 2,08,724 അപേക്ഷകളിന്മേൽ ഇനിയും പട്ടയം നൽകുവാനുണ്ട്. ഇതിന് പുറമേ zero landless (citizen) Kerala 2015 പദ്ധതിപ്രകാരം 51025 അപേക്ഷകർ പ്രഥമദൃഷ്ട്യാ അർഹരാണെന്ന് കണ്ടെത്തിയിട്ടുണ്ട്. |
| (ബി) ജില്ല-താലൂക്ക്-വില്ലേജ് അടിസ്ഥാനത്തിൽ അവയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ; | (ബി) കണ്ണൂർ ജില്ലയിലെ താലൂക്ക്/വില്ലേജ് തിരിച്ചുള്ള അപേക്ഷകളുടെ എണ്ണം ലഭ്യമല്ല. മറ്റു ജില്ലകളിൽ ലഭിച്ച അപേക്ഷകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (സി) സമയബന്ധിതമായി ഇവർക്ക് പട്ടയം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (സി) നടപടികൾ സ്വീകരിച്ചുവരുന്നു |
| (ഡി) എങ്കിൽ അത് സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കുമോ? | (ഡി) അർഹരായ അപേക്ഷകർക്ക് പട്ടയം നൽകുന്നതിനാവശ്യമായ പതിവ് റെക്കോർഡുകൾ സമയബന്ധിതമായി തയ്യാറാക്കി പതിവുകമ്മിറ്റികളുടെ അംഗീകാരത്തിന് വിധേയമായും മറ്റു നിയമാനുസൃത നടപടികൾ പൂർത്തിയാക്കിയും പട്ടയം നൽകുന്നതാണ്. |

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

സെക്ഷൻ ഓഫീസർ